11/631/2016 **B**

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2016 - 2017

# സാമൂഹ്യശാസ്ത്രം

**സ്റ്റാൻഡേർഡ് : IX**

**സമയം : 2½ മണിക്കൂർ**

**ആകെ സ്കോർ : 80**

**പൊതുനിർദേശങ്ങൾ**

1. പതിനഞ്ച് മിനുട്ട് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
2. ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചതിനുശേഷം മാത്രം ഉത്തരം എഴുതുക.
3. ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

1. ചുവടെ തന്നിട്ടുള്ളതിൽ 'എ' വിഭാഗത്തിലെ രണ്ട് ഭാഗങ്ങൾ തമ്മിലുള്ള പരസ്പരബന്ധം മനസ്സിലാക്കി അതുപോലെ 'ബി' വിഭാഗം പൂർത്തിയാക്കുക (2)

   i എ) കമ്പോള പരിഷ്ക്കരണം : അലാവുദ്ദീൻ ഖൽജി

   ബി) ദിൻ-ഇ-ഇലാഹി : ..............................

   ii. എ) നായങ്കരസമ്പ്രദായം : വിജയനഗരസാമ്രാജ്യം

   ബി) അഷ്ടപ്രധാൻ : ..............................

2. ഒരു പ്രദേശത്തെ ജനസംഖ്യയിൽ മാറ്റമുണ്ടാക്കുന്ന ഘടകങ്ങളാണ് ജനനനിരക്ക്, മരണനിരക്ക് കുടിയേറ്റം എന്നിവ. ഏതു വിധത്തിലാണ് ഈ ഘടകങ്ങൾ ജനസംഖ്യയിൽ മാറ്റങ്ങളുണ്ടാക്കുന്നത്? (3)

3. മധ്യകാലഘട്ടത്തിലെ രണ്ട് വിഭാഗം കർഷകരെക്കുറിച്ച് താഴെ പറയുന്നു. അവരുടെ പേരെഴുതുക. (2)

| സ്വന്തമായി കൃഷിയിടമുള്ളവർ | മറ്റുള്ളവരുടെ കൃഷിഭൂമിയിൽ കൃഷിചെയ്യുന്നവർ |
|---|---|
| ↓ | ↓ |
| ? | ? |

4. ഒരു നദിക്ക് മൂന്ന് ഘട്ടങ്ങളുണ്ട്.

   a. ഏതെല്ലാമാണ് ഈ ഘട്ടങ്ങൾ?

   b. ചുവടെ കൊടുത്തിട്ടുള്ള ഭൂരൂപങ്ങൾ ഓരോന്നും ഏതേതു ഘട്ടങ്ങളിൽ രൂപം കൊള്ളുന്നു?

   • ഡൽറ്റ • ഓക്സ്-ബോ-തടാകം • താഴ്വരകൾ. (3)

5. 'എ' വിഭാഗത്തിനനുയോജ്യമായവ 'ബി' വിഭാഗത്തിൽ നിന്ന് കണ്ടെത്തി പട്ടിക ക്രമപ്പെടുത്തുക.

| എ | ബി |
|---|---|
| ദസ്വന്ത് | ദോഹകൾ |
| താൻസെൻ | ഭജനകൾ |
| കബീർ | രാസ്നാമ |
| മീരാഭായി | ദർബാറിരാഗം |

(4)

6. മണൽക്കൂനകൾ, സ്റ്റാലഗ്മൈറ്റുകൾ, പ്രളയസമതലങ്ങൾ എന്നിവ രൂപംകൊള്ളുന്നത് ഏതു വിധമാണ്?

സൂചനകൾ

- രൂപീകരണ സഹായി
- രൂപീകരണ പ്രക്രിയ

(3)

7. 'ഡൽഹിയിലെ സുൽത്താൻമാർ ഒരു കേന്ദ്രീകൃത രാജഭരണമാണ് നടപ്പിലാക്കിയത്' - പ്രസ്താവന സമർത്ഥിക്കുക. (4)

8. ഒഴുക്കിന്റെ ഫലമായി നദിയുടെ അടിത്തട്ടിൽ ഉണ്ടാകുന്ന മാറ്റങ്ങളാണ് ചിത്രത്തിൽ കാണിച്ചിട്ടുള്ളത്. ഓരോ ചിത്രത്തിലും സൂചിപ്പിച്ചിട്ടുള്ള മാറ്റം എന്താണ്? (2)



A B

9. സൽത്തനത്ത് കാലത്തെ പ്രദേശിക ഭരണവും മുഗൾകാലഘട്ടത്തിലെ പ്രാദേശിക ഭരണവും തമ്മിൽ താരതമ്യം ചെയ്ത കുറിപ്പ് തയാറാക്കുക. (4)

10. "ദാരിദ്ര്യവും തൊഴിലില്ലായ്മയും പോലെ ഇന്ത്യയിലെ വികസനം നേരിടുന്ന ഒരു വെല്ലുവിളിയാണ് അസമത്വം". ഏതൊക്കെ മേഖലകളിലാണ് പ്രധാനമായും അസമത്വം നിലനില്ക്കുന്നത്? വിശദമാക്കുക. (3)

11. മധ്യകാല ഇന്ത്യൻ സമൂഹത്തെ ചുവടെ തന്നിട്ടുള്ള സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുക.

<u>സൂചകങ്ങൾ</u>

- ജാതിവ്യവസ്ഥ
- അടിമസമ്പ്രദായം
- സ്ത്രീകളുടെ പദവി

**അല്ലെങ്കിൽ** (6)

മധ്യകാല ഇന്ത്യയിൽ കാർഷിക രംഗത്തുണ്ടായ പുരോഗതി വിശദമാക്കുക.

12. സമുദ്രങ്ങളിൽ ജലത്തിന്റെ ലവണത്വത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ട്. താഴെ കൊടുത്തിട്ടുള്ള ഓരോ സന്ദർഭത്തിലും ലവണത്വത്തിൽ ഉണ്ടാകുന്ന മാറ്റം എഴുതുക.

a. ഉയർന്ന താപം അനുഭവപ്പെടുന്ന സമുദ്രഭാഗങ്ങൾ

b. കരയാൽ ചുറ്റപ്പെട്ട സമുദ്രഭാഗങ്ങൾ

c. കുറഞ്ഞ താപം അനുഭവപ്പെടുന്ന സമുദ്രഭാഗങ്ങൾ

d. ഉയർന്ന അളവിൽ മഴ ലഭിക്കുന്ന സമുദ്രഭാഗം

(2)

13. "മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യം ജീവിത നിലവാരം ഉയർത്തുന്നതിനു സഹായിക്കും." സാധൂകരിക്കുക.

(4)

14. മധ്യകാല ഇന്ത്യയിലെ സാംസ്കാരിക സമന്വയത്തിന്റെ മികച്ച ഉദാഹരണമായി ഉറുദുഭാഷയെ കണക്കാക്കുന്നതെന്തുകൊണ്ട്?

(2)

15. ചുവടെ കൊടുത്തിട്ടുള്ള ജോഡികളിൽ ഒരെണ്ണം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. ഏതാണ് അത്? ഇതിനെ ശരിയായ വിധം തിരുത്തി എഴുതുക. (2)

a. ബീച്ചുകൾ - നിക്ഷേപണ ഭൂരൂപം

b. കൂൺശിലകൾ - അപരദന ഭൂരൂപം

c. മൊറൈനുകൾ - അപരദന ഭൂരൂപം

d. സ്റ്റാലക് റ്റൈറ്റുകൾ - നിക്ഷേപണ ഭൂരൂപം

16. പ്രാദേശിക ഭാഷകളുടെ വളർച്ചയ്ക്ക് ഭക്തി പ്രസ്ഥാനം വഴിയൊരുക്കിയതെങ്ങനെയെന്ന് വിശദമാക്കുക. (4)

17. കടൽവെള്ളത്തെ ശുദ്ധീകരിച്ച് കുടിവെള്ളമാക്കുന്നതിന് ഏതെല്ലാം രീതികളാണ് ഉപയോഗപ്പെടുത്തുന്നത്? (2)

18. മധ്യകാല ഘട്ടത്തിൽ ദക്ഷിണേന്ത്യയിലെ കാർഷിക പുരോഗതിയെ സഹായിച്ച രണ്ട് ഘടകങ്ങൾ എഴുതുക. (2)

19. സമുദ്രങ്ങൾ മനുഷ്യജീവിതത്തിൽ ചെലുത്തുന്ന സ്വാധീനം എന്ന വിഷയത്തിൽ ഒരു ലേഖനം തയാറാക്കുക.

**അല്ലെങ്കിൽ** (6)

വേലികൾ സൃഷ്ടിക്കുന്ന ഫലങ്ങൾ വിശദീകരിച്ച് കുറിപ്പ് എഴുതുക.

20. ഇന്ത്യയിലെ തിരഞ്ഞെടുപ്പിൽ രാഷ്ട്രീയ പാർട്ടികൾക്കുള്ള ചുമതലകൾ വിശദമാക്കുക. (4)

21. കുടിയേറ്റങ്ങളുടെ ഫലങ്ങളിൽ ഒന്നാണ് മനുഷ്യ വിഭവങ്ങളുടെ കൈമാറ്റം. മറ്റ് ഫലങ്ങൾ എന്തെല്ലാം? (3)

22. ജനാധിപത്യത്തിൽ കേവലഭൂരിപക്ഷവ്യവസ്ഥയ്ക്കുള്ള പ്രാധാന്യം വിശകലനം ചെയ്യുക. (3)

23. ജനസംഖ്യാ വലിപ്പമനുസരിച്ച് നഗരങ്ങളെ തരംതിരിക്കാവുന്നതാണ്. ഈ വസ്തുതയുടെ അടിസ്ഥാനത്തിൽ താഴെ നൽകിയിട്ടുള്ള ചാർട്ട് പൂർത്തിയാക്കുക. (4)




24. സംവരണ മണ്ഡലങ്ങൾ എന്ന തത്വം ഇന്ത്യയിൽ നടപ്പിലാക്കിയിട്ടുള്ളതിന്റെ ഉദ്ദേശ്യമെന്ത്? അതിന്റെ സവിശേഷതകൾ എഴുതുക. (3)

25. മാനവവികസനസൂചിക തയാറാക്കുവാൻ പ്രയോജനപ്പെടുത്തുന്ന അടിസ്ഥാനഘടകങ്ങൾ ഏതെല്ലാം? (3)